**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 683** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലത്തെ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് തുകയൊന്നും ചെവഴിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വകുപ്പിൽ തുക അടച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഷൊർണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ ആല്യംകുളം റോഡ് നവീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു പൊതുമരാമത്ത് വകുപ്പ് 6,95,469/- രൂപ വൈദ്യുതി വകുപ്പിൽ അടച്ചിട്ടുണ്ട്. മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ ആല്യംകുളം റോഡ് നവീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു 2,40,561/- രൂപയും അണ്ണാൻതൊടി - പാലോട് റോഡ് നവീകരണത്തിന്റെ ഭാഗമായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു 1,10,097/- രൂപയും പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വകുപ്പിൽ അടച്ചിട്ടുണ്ട്. |
| (സി) | ഒറ്റപ്പാലം മണ്ഡലത്തിൽ റോഡ് നവീകരണാർത്ഥം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (സി) | പ്രവൃത്തികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ